


# കോടതിവിധിയും സർക്കാർ വഞ്ചനയും

ഡോ. പി.എസ്. പണിക്കർ

പെപ്സിയുടെ ലൈസൻസ് പിൻവലിച്ച പുതുശ്ശേരി പഞ്ചായത്തിന്റെ നടപടി ഹൈക്കോടതി റദ്ദുചെയ്തതിനെതിരെ സുപ്രീം കോടതിയിൽ കേരള സർക്കാർ നല്കിയ അപ്പീൽ കോടതി തള്ളി. പെപ്സിക്ക് പ്രവർത്തനം തുടരുന്നതിന് അനുകൂലമായ വിധി വന്നിരിക്കുകയാണ്. ഇടതുപക്ഷത്തിനും സർക്കാരിനും പറയുന്ന വാക്കുകളിൽ അല്പമെങ്കിലും സത്യസന്ധതയുണ്ടെങ്കിൽ പഞ്ചായത്തിൽനിന്നും പിടിച്ചെടുത്ത അധികാരം തിരിച്ചുനല്കിയോ വ്യവസായ-ഭൂജല വകുപ്പുകളെ കൊണ്ട് നടപടിയെടുത്തോ കോള കമ്പനികൾ ഇപ്പോഴും പൂട്ടാവുന്നതേയുള്ളൂ. എന്നാൽ കോടതികളെ കുറ്റം പറഞ്ഞ് സർക്കാർ ഒളിച്ചോടുകയാണ്.

**എൽ.ഡി.എഫ്.** സർക്കാർ അധികാരത്തിൽ വന്നാൽ പ്ലാച്ചിമട-കൊക്കകോള, കഞ്ചിക്കോട്-പെപ്സികോള ഫാക്ടറികൾ അടച്ചുപൂട്ടി ജലചൂഷണത്തിനും മലിനീകരണത്തിനും അറുതി വരുത്തുമെന്ന് ജനപക്ഷത്തുനിന്ന് നൽകിയ വാഗ്ദാനം ഇപ്പോഴും ഒരു മരീചികയായി അവശേഷിക്കുകയാണെന്നാണ് കേരള സർക്കാർ സുപ്രീം കോടതിയിൽ നൽകിയ പ്രത്യേക ഹർജിയും അതിൽ കഴിഞ്ഞ ഫെബ്രുവരി 11-ന് ഉണ്ടായ ഉത്തരവും സൂചിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് കേരള ഗവൺമെന്റ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത പുന:പരിശോധന ഹർജ്ജി 2007 സെപ്തംബർ 27ന് പെപ്സിയ്ക്ക് അനുകൂലമായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതുശ്ശേരി പഞ്ചായത്ത് കമ്പനിയ്ക്കു നൽകിയ ലൈസൻസ് റദ്ദാക്കാൻ അതിൽ അധികാരമില്ലെന്ന് കോടതി വെളിവാക്കി. സുശീലാഗോപാലൻ വ്യവസായ മന്ത്രിയായിരുന്നപ്പോൾ, നായനാർ സർക്കാരിന്റെ ഭരണകാലത്താണ് പഞ്ചായത്തിരാജ് നിയമത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് വ്യവസായശാലകൾ തുടങ്ങുന്നതിനുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അധികാരപ്പെടുത്തുന്ന വകുപ്പ് റദ്ദാക്കിയത്. ഈ വകുപ്പ് പുന:സ്ഥാപിക്കണമെന്ന് പ്ലാച്ചിമട, പെപ്സികോള വിരുദ്ധസമരസമിതികളും ഐക്യദാർഢ്യസമിതിയും നാളുകളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിന് ഇനിയും സർക്കാർ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിലാണ് സുപ്രീംകോടതി കേരളത്തിന്റെ പ്രത്യേക അനുമതി ഹർജി തള്ളിയത്. ജസ്റ്റിസ് അജിത് പസായത്, ജസ്റ്റിസ് സദാശിവം എന്നിവരടങ്ങിയ ബെഞ്ചാണ് വിധി പ്രസ്താവിച്ചത്. കേരള ഗവൺമെന്റിനുവേണ്ടി അഡ്വ. സോളിസിറ്റർ ജനറൽ ഗോപാലസ്വാമിയും പെപ്സി കമ്പനിക്കുവേണ്ടി മുതിർന്ന അഭിഭാഷകൻ കെ.കെ. വേണുഗോപാലും ഹാജരായി (കെ.കെ. വേണുഗോപാൽ മുമ്പ് കൊക്കകോള സമരസമിതിക്കുവേണ്ടി ഹാജരാകുകയും പിന്നീട് അദ്ദേഹം വക്കാലത്ത് ഒഴിയുകയും ചെയ്തിട്ടുണ്ട്).

വ്യവസായവകുപ്പിന് ജലചൂഷണത്തിന്റെ പേരിൽ പെപ്സിയുടെ ലൈസൻസ് റദ്ദാക്കാൻ അധികാരമുണ്ട് എന്നാണ് നിയമോപദേശം. ഈ കമ്പനിക്ക് പ്രവർത്തനാനുമതി നൽകിയതും വ്യവസായ വകുപ്പിന്റെ ഏകജാലക ഗ്രീൻചാനലിൽകൂടിയാണ്. പെപ്സി കമ്പനി സ്ഥിതിചെയ്യുന്ന പുതുശ്ശേരി പഞ്ചായത്തിലെ അതീവഗുരുതരമായ ജലചൂഷണത്തെക്കുറിച്ച് ഭൂഗർഭജലവകുപ്പ് സംസ്ഥാന ഗവൺമെന്റിന് 2007 ജൂലായിൽ റിപ്പോർട്ട് നൽകിയിരുന്നു. ഇതിനെ തുടർന്ന് ജലവിഭവവകുപ്പ്മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ ഈ പ്രശ്നം ചർച്ച ചെയ്യുവാൻ വ്യവസായമന്ത്രിയേയും വൈദ്യുതമന്ത്രിയേയും ക്ഷണിച്ചെങ്കിലും അവർ പങ്കെടുക്കുവാൻ കൂട്ടാക്കിയില്ല.

കൊക്കകോള-പെപ്സിക്കോള സമരസമിതി നിരന്തരം പരാതിപ്പെട്ടതിനെ തുടർന്ന് കേരളനിയമസഭയുടെ ജലസേചനവും വൈദ്യുതിയും സംബന്ധിച്ച് വിദഗ്ദ്ധസമിതി 2007 ഫെബ്രു. 26 ന് ജലസേചനവകുപ്പ്മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ, വൈദ്യുതിവകുപ്പ് മന്ത്രി എ.കെ. ബാലൻ എന്നിവരുടെ നേതൃത്വത്തിൽ ഒരു ഓട്ടപ്രദക്ഷിണം പോലെ രണ്ട് കമ്പനികളും സന്ദർശിച്ച് ജലചൂഷണത്തെ സംബന്ധിച്ച് തെളിവെടുപ്പ് നടത്തിയിരുന്നു. ഇതുവരെയും റിപ്പോർട്ട് പുറത്തുവന്നിട്ടില്ല. എൽ.ഡി.എഫും യു.ഡി.എഫും ഇപ്പോൾ ബഹുരാഷ്ട്രകുത്തകകളുടെ ജലചൂഷണത്തിനെതിരായുള്ള നിലപാടെടുത്തിട്ടുണ്ടെങ്കിലും ഈ കമ്പനികൾ അടച്ചുപൂട്ടുകയും ജനങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുകയും ചെയ്യുക എന്ന ന്യായമായ ജനങ്ങളുടെ ആവശ്യത്തിൽ തീരുമാനമില്ലാതെ കാര്യങ്ങൾ നീട്ടുകായണ്. ഇത് പ്രതിഷേധകരമാണെന്ന് പറയാതെവയ്യ.